(1)	(2)	(3)	(4)
4.	മോട്ടോർ വെഹിക്കിൾസ് (കെ.എസ്.ആർ.ടി.സി. ഉൾപ്പെടെ)	2010 മാർച്ച് വരെ	292.2
5.	സ്റ്റേറ്റ് എക്സൈസ്	2010 നവംബർ വരെ	163.94
6.	രജിസ്ട്രേഷൻ	2010 ഡിസംബർ വരെ	5.63
	ആകെ		8781.96

*2010 മാർച്ച് 31-ലെ ഡിപ്പാർട്ട്മെന്റ് കണക്കുപ്രകാരമുള്ള 4278.01 കോടി രൂപയിൽ അപ്പീൽ അനുസരിച്ച് നികുതി കുറവിനത്തിൽ 572.63 കോടി രൂപ ഡിമാന്റിൽ കുറയ്ക്കേണ്ടതുണ്ട്. 866.31 കോടി രൂപ വസ്തുവകകളിലല്ലാത്തതോ, പിരിച്ചെടുക്കാനാകാത്തതോ ആയ കുടിശ്ശികയാണ്. ബാക്കിയുള്ള തുകയിൽ 674 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളുടെ നികുതി കുടിശ്ശികയാണ്. 265 കോടി രൂപയുടെ റവന്യൂ റിക്കവറി ഡിമാന്റ് മറ്റു സംസ്ഥാനങ്ങളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ളതാണ്. കുടിശ്ശികയിൽ പിരിച്ചെടുക്കാവുന്ന കുടിശ്ശിക 1018.68 കോടി രൂപമാത്രമാണ്. 588.7 കോടി രൂപ കോടതിയുടെയും അപ്പലേറ്റ് അതോറിറ്റിയുടെയും 24.80 കോടി രൂപ സർക്കാർ സ്റ്റേ ആയും ഉൾപ്പെട്ട കുടിശ്ശികയാണ്.

പൊതുകടവും ആളോഹരികടവും

155 (169) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ഇപ്പോഴത്തെ പൊതുകടവും ആളോഹരികടവും എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം ഏജൻസികളിൽനിന്നാണ് ഈ തുക വായ്പയെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുകടം വർദ്ധിച്ചുവരാനുള്ള സാഹചര്യം വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുകടം തിരിച്ചടയ്ക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) പൊതുകടം വർദ്ധിച്ച് സംസ്ഥാനം കടക്കെണിയിൽ അകപ്പെടാനുള്ള സാഹചര്യം നിലവിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2010 ഡിസംബർ 31-ലെ താൽക്കാലിക കണക്കുകൾപ്രകാരം സംസ്ഥാനത്തിന്റെ കടബാധ്യത 74298 കോടി രൂപയാണ്. 2001-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ 31-12-2010-ൽ സംസ്ഥാനത്തിന്റെ ആളോഹരികടം 23364 രൂപയാണ്.

(ബി) ആഭ്യന്തര ഏജൻസികളായ LIC, GIC, NABARD എന്നിവയിൽനിന്നുള്ള കടമെടുക്കൽ, പൊതുവിപണിയിൽനിന്നുള്ള കടം, ദേശീയ ലഘു സമ്പാദ്യ ഫണ്ടിലേക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ, വിദേശ സഹായ പദ്ധതികൾക്കായുള്ള വിദേശ വായ്പാ ഏജൻസികളിൽനിന്നുള്ള കടമെടുക്കൽ എന്നിവയാണ് വായ്പ എടുക്കുന്നതിനുള്ള പ്രധാന സ്രോതസ്സുകൾ.

(സി) 2005-06 സാമ്പത്തിക വർഷത്തിൽ 45929 കോടി രൂപയായിരുന്ന കടബാധ്യത 2009-10 സാമ്പത്തിക വർഷമായപ്പോഴേക്കും 70969 കോടി രൂപയായി ഉയർന്നിട്ടുണ്ട്. എന്നാൽ 2005-06 സാമ്പത്തിക വർഷത്തിൽ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 33.5 ശതമാനമായിരുന്ന കടബാധ്യത 2009-10 ആയപ്പോൾ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 30.8 ശതമാനമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾ നേരിടുന്നതിന് വായ്പകൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

(ഡി) സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും പൊതുകടത്തിന്റെ തിരിച്ചടവ് യഥാസമയംതന്നെ നടത്തുന്ന രീതിയിലുള്ള സംവിധാനമാണ് നിലവിലുള്ളത്. സർക്കാർ കണക്കിലെ നീക്കിയിരുപ്പുകൾ പരമാവധി വിനിയോഗിച്ചുകൊണ്ടും പുതിയ കടമെടുപ്പുകൾ ആവശ്യാധിഷ്ഠിതമായി ക്രമീകരിച്ചും കടങ്ങൾ യഥാസമയം തിരിച്ചുടച്ചുവരുന്നു.

(ഇ) ഇല്ല. 2005-06-ൽ സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 33.5 ശതമാനമായിരുന്ന പൊതുകടം 2009-10-ൽ 30.8 ശതമാനമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

പ്ലാൻ, നോൺ-പ്ലാൻ അലോക്കേഷനുകൾ

156 (170) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിവർഷം ഓരോ വകുപ്പിനുമുള്ള പ്ലാൻ അലോക്കേഷനും, നോൺ-പ്ലാൻ അലോക്കേഷനും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ?

(ബി) ഓരോ വർഷത്തെയും അഡീഷണൽ അലോക്കേഷൻ എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

(സി) ഓരോ വർഷത്തെയും ഈ അലോക്കേഷനുകളിൽനിന്നുള്ള ചെലവ് എത്രയാണ് ; അത് മൊത്തം അലോക്കേഷന്റെ എത്ര ശതമാനംവീതം വരുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly